**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 410** **27-01-2026 - ൽ മറുപടിയ്ക്ക്**

**പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് പുതിയ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2011-16 കാലയളവിൽ സംസ്ഥാനത്ത് പുതുതായി എത്ര നഗരസഭകളാണ് രൂപീകരിച്ചതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | 2011-16 കാലയളവിൽ സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകൾ ചുവടെ കൊടുക്കുന്നു.<br><br>1. കൊട്ടാരക്കര 2. പന്തളം 3. ഹരിപ്പാട് 4. ഏറ്റുമാനൂർ 5. ഈരാറ്റുപേട്ട 6. കട്ടപ്പന 7. പിറവം 8. കൂത്താട്ടുകുളം 9. വടക്കാഞ്ചേരി 10. പട്ടാമ്പി 11. ചെർപ്പുളശ്ശേരി 12. മണ്ണാർക്കാട് 13. താനൂർ 14. പരപ്പനങ്ങാടി 15. വളാഞ്ചേരി 16. തിരൂരങ്ങാടി 17. പയ്യോളി 18. രാമനാട്ടുകര 19. കൊടുവള്ളി 20. മുക്കം 21. മാനന്തവാടി 22. സുൽത്താൻബത്തേരി 23. ഇരിട്ടി 24. പാനൂർ 25. ശ്രീകണ്ഠാപുരം. |
| (ബി) | അവയിൽ ഏതെല്ലാം നഗരസഭകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | പിറവം, ഹരിപ്പാട്, വടക്കാഞ്ചേരി, ഏറ്റുമാനൂർ |
| (സി) | സൗകര്യപ്രദമായ കെട്ടിടങ്ങളില്ലാത്ത എത്ര നഗരസഭകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (സി) | പന്തളം, കൊടുവള്ളി, മാനന്തവാടി, പരപ്പനങ്ങാടി, മുക്കം, പാനൂർ എന്നീ 6 മുനിസിപ്പാലിറ്റികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്വന്തം ഓഫീസ് കെട്ടിടങ്ങൾ നിലവിലില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എത്ര രൂപ വീതമാണ് അനുവദിച്ചിരുന്നതെന്നും ഈ തുക ഉപയോഗപ്പെടുത്തി കെട്ടിട നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത നഗരസഭകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ഡി) | മൊത്തം എസ്റ്റിമേറ്റ് ചെലവിന്റെ 50 ശതമാനം, പരമാവധി 300.00 ലക്ഷം വരെ ടി പദ്ധതി പ്രകാരം ഓരോ നഗരസഭകൾക്കും അനുവദിക്കും, ശേഷിക്കുന്ന തുക നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ സ്വന്തം ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ വഹിക്കേണ്ടതാണ്. തുക മുൻകൂറായി അനുവദിക്കാറില്ല. ആയതിനാൽ തുക അനുവദിച്ചിട്ടും പണി ആരംഭിക്കാത്ത നഗരസഭകൾ ഇല്ല. |

സെക്ഷൻ ഓഫീസർ